# JFKMVHSS

AYANIVELIKULANGARA

# ഒരുമ



മാതൃഭൂമി Mathrubhumi

# കരുനാഗപ്പള്ളി ഉപജില്ലാ സ്കൂൾ കലോത്സവം: ജോൺ എഫ്.കെന്നഡി സ്കൂളിന് ഓവറോൾ



അയണിവേലിക്കുളങ്ങര ജോൺ എഫ്.കെന്നഡി മെമ്മോറിയൽ വി.എച്ച്.എസ്.എസ്. ടീം ഓവറോൾ കിരീടം ഏറ്റുവാങ്ങുന്നു

**കരുനാഗപ്പള്ളി**▸ കരുനാഗപ്പള്ളി ഉപജില്ലാ സ്കൂൾ കലോത്സവത്തിൽ അയണിവേലിക്കുളങ്ങര ജോൺ എഫ്.കെന്നഡി മെമ്മോറിയൽ വി.എച്ച്.എസ്.എസിന് ഓവറോൾ കിരീടം.

ഹയർ സെക്കൻഡറി, ഹൈസ്കൂൾ, യു.പി. വിഭാഗങ്ങളിലും ജോൺ എഫ്.കെന്നഡി സ്കൂളാണ് ഒന്നാംസ്ഥാനത്ത്. ഹൈസ്കൂൾ വിഭാഗത്തിൽ 228 പോയന്റുനേടിയാണ് ജോൺ എഫ്.കെന്നഡി സ്കൂൾ ഒന്നാംസ്ഥാനത്തെത്തിയത്. 205 പോയന്റുമായി തഴവ ഗവ. എ.വി.ബി.എച്ച്.എസ്. രണ്ടാംസ്ഥാനവും 159 പോയന്റുമായി കരുനാഗപ്പള്ളി ഗേൾസ് ഹൈസ്കൂൾ മൂന്നാംസ്ഥാനവും കരസ്ഥമാക്കി. ഹയർ സെക്കൻഡറി വിഭാഗത്തിൽ 252 പോയന്റുമായി അയണിവേലിക്കുളങ്ങര ജോൺ എഫ്.കെന്നഡി മെമ്മോറിയൽ വി.എച്ച്.എസ്.എസ്. ഒന്നാംസ്ഥാനത്തെത്തിയപ്പോൾ 191 പോയന്റുമായി തഴവ മഠത്തിൽ ബി.ജെ.എസ്.എം. എച്ച്.എസ്.എസ്. രണ്ടാംസ്ഥാനവും 178 പോയന്റുമായി തഴവ ഗവ. എച്ച്.എസ്.എസ്. മൂന്നാംസ്ഥാനവും സ്വന്തമാക്കി.

യു.പി. വിഭാഗത്തിൽ 80 പോയന്റുനേടിയാണ് അയണിവേലിക്കുളങ്ങര ജോൺ എഫ്.കെന്നഡി മെമ്മോറിയൽ വി.എച്ച്.എസ്.എസ്. മുന്നേറ്റം നടത്തിയത്. 68 പോയന്റുമായി കരുനാഗപ്പള്ളി യു.പി.ജി.എസ്. തൊട്ടുപിന്നിലെത്തി. 62 പോയന്റോടെ കോഴിക്കോട് എസ്.കെ.വി. യു.പി. എസാണ് മൂന്നാംസ്ഥാനത്ത്. എൽ.പി. വിഭാഗത്തിൽ തഴവ എ.വി.എൽ.പി.എസ്. ഒന്നാംസ്ഥാനവും (56 പോയന്റ്) ആദിനാട് യു.പി.എസ്. രണ്ടാംസ്ഥാനവും (45 പോയന്റ്), കരുനാഗപ്പള്ളി യു.പി.ജി.എസ്. മൂന്നാംസ്ഥാനവും (44 പോയന്റ്) സ്വന്തമാക്കി.

മറ്റു മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ സ്കൂളുകൾ (ബ്രാക്കറ്റിൽ പോയന്റുനില)

**യു.പി. സംസ്കൃതം**–1.പുന്നക്കുളം എസ്.എൻ.ടി.വി. സംസ്കൃത യു.പി. എസ്. (88), 2.നമ്പരുവികാല ഡബ്ല്യു.യു.പി.എസ്. (80), പാവുമ്പ അമൃത യു.പി.എസ്. (69).

**എച്ച്.എസ്. സംസ്കൃതം**–1.പാവുമ്പ എച്ച്.എസ്. (84), 2.കരുനാഗപ്പള്ളി ഗേൾസ് ഹൈസ്കൂൾ (66), 3.അയണിവേലിക്കുളങ്ങര ജോൺ എഫ്.കെന്നഡി മെമ്മോറിയൽ വി.എച്ച്.എസ്.എസ്. (57).

**എൽ.പി. അറബിക്**–1.തഴവ നോർത്ത് കുതിരപ്പന്തി ജി.എൽ.പി.എസ്. (43), 1.തഴവ എ.വി.എൽ.പി.എസ്. (43), 2.കോഴിക്കോട് എസ്.എൻ.വി.എൽ.പി.എസ്. (39), പാവുമ്പ അമൃത യു.പി.എസ്. (37).

**യു.പി.അറബിക്**–1.തൊടിയൂർ യു.പി.എസ്. (61), 2.ക്ലാപ്പന സെന്റ് ജോസഫ് യു.പി.എസ്. (57), 2.പാവുമ്പ അമൃത യു.പി. എസ്. (57), 3.കരുനാഗപ്പള്ളി ഗേൾസ് എച്ച്.എസ്. (56), 3.കരുനാഗപ്പള്ളി യു.പി.ജി.എസ്. (56).

**എച്ച്.എസ്.അറബിക്**–1.പാവുമ്പ എച്ച്.എസ്. (87), 2.കരുനാഗപ്പള്ളി ഗേൾസ് ഹൈസ്കൂൾ (81), തഴവ ഗവ. എച്ച്.എസ്.എസ്. (72).

20/11/2022 SASTHAM KOTTA Pg 02

ചന്ദ്രിക

# മില്ലറ്റ് ഫെസ്റ്റ് കൗതുകമായി



നെഹ്റു യുവ കേന്ദ്രയുടെയും കേരള യൂത്ത് പ്രമോഷൻ കൗൺസിലിന്റെയും ആഭിമുഖ്യത്തിൽ ജോൺ എഫ്. കെന്നഡി മെമ്മോറിയൽ സ്കൂളിൽ സംഘടിപ്പിച്ച മില്ലറ്റ് ഫെസ്റ്റിവൽ

കരുനാഗപ്പള്ളി : ചെറു ധാന്യങ്ങളും അവയുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും ഭക്ഷ്യവസ്തുക്കളും പുതുതലമുറയ്ക്ക് കൗതുകമായി. ഭാരത സർക്കാർ യുവജനകാര്യ കായിക മന്ത്രാലയം ജില്ലാ നെഹ്റു യുവകേന്ദ്രയും കേരള യൂത്ത് പ്രമോഷൻ കൗൺസിലും സംയുക്തമായി ജോൺ എഫ്. കെന്നഡി സ്കൂളിലെ സംസ്കൃതി പരിസ്ഥിതി ക്ലബ്ബ്, സയൻസ് ക്ലബ്ബ് എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച മില്ലറ്റ് ഫെസ്റ്റാണ് ഏവരിലും കൗതുകമുണർത്തിയത്. ചെറുധാന്യങ്ങളും അവയുടെ ഉപയോഗവും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചിത്രപ്രദർശനവും ഭക്ഷ്യവസ്തുക്കളുടെ പ്രദർശനവും മേളയുടെ ഭാഗമായി നടന്നു. തിന, ചാമ, കുതിരവാലി, കൂവരക്, പനി വരഗ്, കൊറല, റാഗി, മുത്താറി, പഞ്ഞപ്പുല്ല്, മണിചോളം, പവിഴ ചോളം തുടങ്ങിയ ധാന്യങ്ങളും അവയുടെ ഉൽപ്പന്നങ്ങളും ഏറെ ആവേശത്തോടെയാണ് ഏവരും നോക്കിക്കണ്ടത്. 'ചെറുതല്ല ചെറുധാന്യങ്ങൾ' എന്ന സന്ദേശവുമായി നടന്ന സെമിനാറും പ്രദർശനവും കരുനാഗപ്പള്ളി നഗരസഭ ചെയർമാൻ കോട്ടയിൽ രാജു ഉദ്ഘാടനം ചെയ്തു. കേരള യൂത്ത് പ്രമോഷൻ കൗൺസിൽ ചെയർമാൻ സുമൻജിത്ത് മിഷ അദ്ധ്യക്ഷത വഹിച്ചു. നെഹ്റു യുവ കേന്ദ്ര ജില്ലാ യൂത്ത് ഓഫീസർ സന്ദീപ്കൃഷ്ണൻ.പി ആമുഖപ്രഭാഷണം നടത്തി. ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ ഡോ.സിന്ധു രാമചന്ദ്രൻ വിഷയാവതരണം നടത്തി. സ്കൂൾ മാനേജർ മായാശ്രീകുമാർ, ഗംഗാറാം കണ്ണമ്പള്ളിൽ, ഹെഡ്മാസ്റ്റർ മുർഷിദ് ചിങ്ങോലി, പി.ടി.എ. പ്രസിഡന്റ് കാട്ടൂർ ബഷീർ, ജി. മഞ്ജുക്കുട്ടൻ, സുധീർ ഗുരുകുലം, സിദ്ധിഖ് മംഗലശ്ശേരി, പ്രീത. കെ.എസ്., റംഷാദ് സംസാരിച്ചു.

## അഭിമുഖം

കൊല്ലം: ഹൈസ്കൂൾ വിഭാഗം ഡ്രോയിങ് ടീച്ചർ (കാറ്റഗറി നമ്പർ- 524/19) തസ്തികയിലേക്കുള്ള അഭിമുഖം 15ന് ആലപ്പുഴ ജില്ലാ പി എസ് സി ഓഫീസിൽ നടത്തും.


Chandrika Edition
Jun 9, 2023 Page No. 3
Powered by : eReleGo.com

# വീടുകളിലും സ്കൂളിലും കുട്ടികൾ ഒരുക്കിയിരിക്കുന്ന കൃഷിയിടങ്ങളിലെ കാഴ്ചകൾ





## TWO PUPPIES AND A MONKEY




Once upon a time there were two puppies.They were good friends.They got a piece of a meat.They cut into two pieces Once is bigger thanthe other,so the fight for the bigger piece.At the same a monkey saw them fighting.The monkey said "I will share it equally".He bites the bigger piece once to make the pieces equal.Again, it bites the other piece to make it equal.It continuous for a while.At last,the dog ate the whole meat and went away happily,the poor puppies lost the meat

**Moral of the Story : We must learn to share what we have.**

AALIYA FATHIMA S
8J

# RIDDLE



1. WHAT HAS A NECK BUT NO HEAD ?

A BOTTLE

2. WHAT IS FULL OF HOLES BUT STILL HOLDS WATER ?

A SPONGE

3. WHAT HAS HANDS BUT CANNOT CLAP?

A CLOCK

4. WHAT IS ALWAYS INFRONT OF YOU BUT CANNOT BE SEEN?

THE FUTURE

By,

Arya Prasad

9H



പതിനഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മലയാള കവിയാണ് ചെറുശ്ശേരി നമ്പൂതിരി .ആയിരത്തിനാന്നൂറ്റിഎഴുപത്തഞ്ചിൽ ഉത്തരകേരളത്തിൽ പഴയ കുറുമ്പനാട് താലൂക്കിലെ വടകരയിൽ ചെറുശ്ശേരി ഇല്ലത്തെ ജനിച്ചു .പ്രാചീന കവിത്രയത്തിൽ ഒരാളായിരുന്നു അദ്ദേഹം.കൊല്ലത്തു നാട് ഭരിച്ചിരുന്ന ഉദയവർമന്റെ പണ്ഡിത സദസ്സിലെ അംഗമായിരുന്നു .

# ശാസ്ത്ര ക്വിസ്

അപൂർവ ലോഹം ?

റോഡിയം

ഏറ്റവും വിലയേറിയ ലോഹം ?

പ്ലാറ്റിനം

ഉള്ളിയിൽ അടങ്ങിയിരിക്കുന്ന ആസിഡ്?

ഓക്സലിക് ആസിഡ്

ചൂട് തട്ടിയാൽ നശിക്കുന്ന വിറ്റാമിൻ ?

വിറ്റാമിൻ സി

അന്തരീക്ഷ മർദം അളന്നു ശാസ്ത്രജ്ഞൻ ?

ടോറിസെല്ലി

അനന്യ എൽ
8k

# പൂക്കാലം

തെച്ചിയും റോസയും തുമ്പയും
പൂവിട്ടു  ചെമ്പരത്തിപ്പൂ ചിരിച്ചു നിന്നു
പിച്ചിയും മുല്ലയും ചേമന്തിയും പൂത്തു
 പൂമണം തൂകി കുണുങ്ങി നിന്നു
ഞാനും വരട്ടെയെന്നോതി നിശാഗന്ധി
തൂവെള്ള ചാർത്തി വിടർന്നു
മഞ്ഞയും നീലയും ചുറ്റിയ
കോളാമ്പി
വേലിക്കരികിലായി കാത്ത് നിന്ന്
പൂന്തേൻ കുടിച്ചു മദിച്ചു
പൂമ്പാറ്റകൾ പൂക്കളമായെന്നു വണ്ട്
മൂളി

SUBHANA
5C

